ശ്രീകൃഷ്ണവിലാസം ഗ്രന്ഥശാല
മലയാറ്റിൻകീഴ്

# അവതാരിക

---

സർവ്വതോമുഖമായ പാണ്ഡിത്യം, സഹൃദയസംപൂജിതമായ സാഹിതീവൈദഗ്ദ്ധ്യം, വിദേശങ്ങളിലും വിരാജിക്കുന്ന രാജ്യതന്ത്രപ്രവീണത, ഇത്യാദി വിശിഷ്ടയോഗ്യതകൾകൊണ്ടു് ദിഗന്തവിശ്രാന്തകീർത്തിമാനാണു് സർദാർ കെ. എം. പണിക്കർ. അദ്ദേഹത്തിൻെറ ഒരു പുസ്തകത്തിനും അവതാരികയുടെ ആവശ്യം ഉണ്ടെന്നു തോന്നുന്നില്ല. ഉണ്ടായാൽ തന്നേയും അതെഴുതുവാനുള്ള പ്രാപ്തിയോ, പാണ്ഡിത്യമോ എനിക്കില്ലെന്നുള്ളതു് തീർച്ചയാണു്. എന്നിട്ടും ഇങ്ങിനെയൊരു അവതാരികാകാരൻെറ സ്ഥാനത്തു് കേറി നില്ക്കുവാൻ ധൈര്യപ്പെടുന്നതു് സുഹൃദാജ്ഞോല്ലംഘനത്തിലുള്ള ഭയംകൊണ്ടു് മാത്രമാകുന്നു.

സർദാർ പണിക്കരെപ്പോലെ ഇംഗ്ലീഷിലും മലയാളത്തിലും ഗ്രന്ഥനിർമ്മാണംകൊണ്ടു് തുല്യപ്രശസ്തി നേടിയിട്ടുള്ള മറ്റൊരു കേരളീയൻ ഇപ്പോൾ ഉണ്ടെന്നു തോന്നുന്നില്ല. സാഹിത്യം, ചരിത്രം, രാജ്യതന്ത്രം എന്നീ മൂന്നു രംഗങ്ങളിലും അദ്ദേഹത്തിൻെറ നിസ്തുലമായ തൂലിക വിജയപൂർവ്വം വിളയാടിയിട്ടുണ്ടു്. ഇൻഡ്യൻഭരണകൂടത്തേയും നാട്ടുരാജ്യങ്ങളേയും പററി അദ്ദേഹം ഇംഗ്ലീഷിൽ എഴുതിയിട്ടുള്ള പുസ്തകം "Indian States and the Government of India" ഏതദ്വി

ഷയത്തിൽ ഒരു പ്രമാണഗ്രന്ഥമായി തന്നെ അംഗീകരിക്കപ്പെട്ടിരിക്കുന്നു.

ഈ ഗ്രന്ഥകാരൻെറ പ്രത്യേക ശ്രദ്ധയ്ക്കു വിഷയീഭവിച്ചിട്ടുള്ള ഒന്നാണു് കേരളത്തിൻെറ പ്രാചീനചരിത്രം. മലബാറിലെ ഡച്ചുകാർ "The Dutch in Malabar" മലബാറിലെ പറങ്കികൾ "The Portugese in Malabar" എന്ന രണ്ടു വിലയേറിയ ചരിത്രഗ്രന്ഥങ്ങൾ അദ്ദേഹത്തിൻെറ ചരിത്രകാരപ്രശസ്തിയുടെ ജയസ്തംഭങ്ങളാകുന്നു. അറബിക്കടലിൽ പറങ്കികളോടു പടപൊരുതി വിജയക്കൊടി നാട്ടി വിഹരിച്ചിരുന്ന ഒരൊന്നാംതരം കപ്പൽപട പണ്ടു് കേരളത്തിനുണ്ടായിരുന്നു എന്നും മററുമുള്ള നൂതനചരിത്രവാസ്തവങ്ങൾ മി. പണിക്കരുടെ ഗവേഷണഫലങ്ങളായി തെളിഞ്ഞിട്ടുള്ളവയത്രേ.

മലയാളത്തിൽ ഇദ്ദേഹം എഴുതിയിട്ടുള്ള പല നോവലുകളും പ്രാചീനകേരളമഹിമയെ പ്രതിഫലിപ്പിക്കുന്നവയാണു് "പുന്നർകോട്ടസ്വരൂപം" "പറങ്കിപ്പടയാളി" തുടങ്ങിയ നോവലുകളിൽ കേരളത്തിലെ പല പല ദേശങ്ങളും പഴയ ചരിത്രസംഭവങ്ങളും ഭാവനാഭാസുരങ്ങളായി കാവ്യരസം കലൻ പൊന്തിവരുന്നതു് കാണാം. കേരളവമ്മ പഴശിരാജാ, കൈതേരി അമ്പു, എന്നിവരെപ്പോലുള്ള വീരപരാക്രമികളായ പണ്ടത്തെ കേരളസന്താനങ്ങളുടെ അപദാനങ്ങളോർത്തു് ഗ്രന്ഥകാരൻ പുളകംകൊള്ളുന്നതു് പലപ്പോഴും

ഞാൻ തന്നെ കണ്ടിട്ടുണ്ടു്. അത്രയ്ക്കും സജീവ മായ ഒരു സ്വദേശാഭിമാനമാണു് അദ്ദേഹത്തി ന്നു് പുസ്തകരചനയിൽ പ്രചോദന നൽകുന്നതു്. ചരിത്രാംശങ്ങളെ സ്വന്തം മനോധർമ്മംകൊണ്ടു് മാംസളമാക്കിത്തീർത്തു നല്ലനല്ല കഥകൾ നിർമ്മി ക്കുന്നതിൽ അദ്ദേഹത്തിന്നു് ഒരു പ്രയാസവും തോന്നാറില്ല. അദ്ദേഹത്തിൽനിന്നും അടുത്തകാ ലത്തു് കൈരളിക്കു ലഭിച്ച "കല്യാണമൽ" മൊഗൾ ഭരണകാലത്തെ ചിത്രീകരിക്കുന്ന ഒരു നോവലാകുന്നു.

സർദാർ പണിക്കരുടെ മാതൃഭാഷാസേവ നത്തെപ്പററി എത്രതന്നെ പ്രശംസിച്ചാലും അനർഹമായെന്നു വരുന്നതല്ല. അദ്ദേഹത്തിന്റെ കൃതികളെപ്പററി പറയുമ്പോൾ ഇക്കാര്യമാണു് നാം ആദ്യമായി സ്മരിക്കേണ്ടതു്. പരീക്ഷായോ ഗ്യതകൊണ്ടു് ഔന്നത്യം നേടി കേരളത്തിന്നു് പുറമേ പോയി പേരുകേട്ടവർ പലരുമുണ്ടായി രിക്കാം. എന്നാൽ ഇവരിൽ മിയ്ക്കപേരും ചെറു പ്പത്തിൽ തന്നെ മാതൃഭാഷയോടു യാത്രപറഞ്ഞു് പിരിഞ്ഞുപോയവരാണു് എന്നുമാത്രമല്ല മലയാ ളത്തിനോടു് ഒരനാദരവും അവജ്ഞയും കൂടി ഇക്കൂട്ടരിൽ കാണാറുണ്ടു്. എന്നാൽ ഈ "കേരള പുത്രൻ" ഇവരിൽനിന്നു് എത്ര ഭിന്നനായി കാണ പ്പെടുന്നു. ഇംഗ്ലീഷുബിരുദം നേടി മലയാളക്കര വിട്ടവർക്കൊരു മാതൃകാപുരുഷനായിട്ടാണു് ഇക്കാ ര്യത്തിൽ ഇദ്ദേഹം പ്രശോഭിക്കുന്നതു്. വിദേശ

ങ്ങളിൽ ഇതരഭാഷകളുടെ ഇടയിലാണല്ലോ ഗ്രന്ഥകാരൻെറ ജീവിതം. പാവപ്പെട്ട കൈരളിയെ മറന്നുപോകാൻ തക്കവണ്ണം അദ്ദേഹം കൃത്യാന്തരപരതന്ത്രനുമാണു്. എന്നിട്ടും മാതൃഭാഷാപരിലാളനത്തിൽ ഈ സാഹിത്യകുശലൻ സർവ്വദാ ജാഗരൂകനായി കാണപ്പെടുന്നതിൽ ഏതൊരു കേരളീയനാണു് ആഹ്ലാദവും അഭിമാനവും തോന്നാത്തതു്! ആംഗലസാഹിത്യസുരഭിലമായ ഓക്സ്ഫോർഡിലെ അന്തരീക്ഷത്തിൽ വിദ്യാർത്ഥിജീവിതം നയിച്ചിരുന്നപ്പോഴും ഇംഗ്ലീഷിൽ മാത്രമല്ല ഫ്രഞ്ചുഭാഷയിലും തൻെറ തൂലിക സോല്ലാസം കളിയാടിയിരുന്ന കാലത്തും മി. പണിക്കർ സുമധുരങ്ങളായ ഖണ്ഡകവനങ്ങളും സരസങ്ങളായ ഉപന്യാസങ്ങളും കൊണ്ടു് കൈരളിയെ പൂജിച്ചുകൊണ്ടിരുന്നു. പാശ്ചാത്യനാഗരികത്വം നൃത്തം ചെയ്യുന്ന ലണ്ടനും പാരീസും നാട്ടു മറക്കുവാൻ തക്കവണ്ണം ഈ കൈരളീകാമുകനെ വ്യാമോഹിപ്പിച്ചിരുന്നില്ല. മലനാട്ടിലെ മലയാനിലനും അലയാഴിയും നീൎച്ചാലുകളും നെൽപ്പാടങ്ങളും തെങ്ങിൻതോപ്പും കമുകിൻ കൂട്ടവുമെല്ലാം സസ്യശ്യാമളകോമളമായ കേരളത്തെ മനോമുകുരത്തിൽ നിഴലിപ്പിച്ചുകൊണ്ടു് അക്കാലങ്ങളിലും അദ്ദേഹത്തിനു കവിതാരസം പൊഴിച്ചുകൊണ്ടിരുന്നു.

മലയാളത്തിൽ മി. പണിക്കരെപ്പോലെ വിവിധസാഹിത്യപ്രസ്ഥാനങ്ങളിൽ നൈപുണ്യം പ്രകടിപ്പിച്ചിട്ടുള്ളവർ ചുരുക്കമാണു്. നോവലു

കളെപ്പററി ഇവിടെ പ്രസ്താവിച്ചുകഴിഞ്ഞതല്ലോ. ഇതിനുംപുറമെ, ഉപന്യാസകാരൻ, നിരൂപകൻ, കവി എന്ന നിലകളിലും അദ്ദേഹം ലബ്ധ പ്രതിഷ്ഠനാണു്. "കവിതാതത്വനിരൂപണം" എന്ന പുസ്തകം അദ്ദേഹത്തിൻെറ കവിധർമ്മമർമ്മ ജ്ഞതയ്ക്കും നിരൂപണനൈപുണിക്കും ഉത്തമോദാഹരണമാകുന്നു. സർവ്വോപരി രസികാഗ്രേസരനായ ഒരു കവി എന്ന നിലയിലാണു് മി. പണിക്കർ സഹൃദയപ്രശംസക്കു പാത്രീഭവിക്കുന്നതു്. അദ്ദേഹത്തിൻെറ "അപക്വഫലം" പദ്യസാഹിത്യത്തിൽ പണ്ടേതന്നെ ഒരു നല്ല നേട്ടമായി പ്രചരിച്ചുകഴിഞ്ഞിരിക്കുന്നു. കൂടാതെ, ബാലികാമതം, ചിന്താതരംഗിണി, മണ്ഡോദരി തുടങ്ങിയ മററനേകം കൃതികളും സ്മരണീയങ്ങളായിട്ടുണ്ടു്.

പദ്യസാഹിത്യത്തിലെ ഏതു ശാഖയിലും കൈവക്കുവാൻ ഈ കവിക്കു് ഒരു ക്ലേശവുമില്ല. പ്രാചീനവും നവീനവുമായ കാവ്യരീതികളെല്ലാം അദ്ദേഹത്തിനു സ്വാധീനം തന്നെ. പരേതനായ സാഹിത്യപഞ്ചാനനൻ പി. കെ-യുടെ മുക്തകണ്ഠമായ പ്രശംസയോടുകൂടി പുറപ്പെട്ട "ഭൃംഗസന്ദേശം" കവിക്കു് പ്രസ്തുതമാർഗ്ഗത്തിലുള്ള പാടവം വെളിപ്പെടുത്തുന്നുണ്ടു്. ഇപ്പോഴം ലുപ്തപ്രചാരമായിരിക്കുന്ന ഒന്നാണല്ലോ ചമ്പൂപ്രസ്ഥാനം. അതിലും നമ്മുടെ കവിക്കു് കൌതുകം തോന്നാതിരുന്നിട്ടില്ലെന്നുള്ളതിനു് ഈ നവീനകൃതിതന്നെ ഉദാഹരണമായിരിക്കുന്നു.

"ഹൈദർനായിക്കൻ" ഒരു ചമ്പൂപ്രബന്ധമാണ്. ഒരു കൃതിയുടെ ആസ്വാദ്യതവായനക്കാരുടെ സഹൃദയത്വത്തെ ആശ്രയിച്ചിരിക്കുന്നതുകൊണ്ടു് പ്രസ്തുതകൃതിയെപ്പററി അധികമൊന്നും പറയണമെന്നു ഞാൻ വിചാരിക്കുന്നില്ല. ഇതു വായിച്ചപ്പോൾ പണ്ടത്തെ പുനവും മഹിഷമംഗലവും മററും രണ്ടാമത്തും ജന്മമെടുത്തോയെന്നു് തോന്നിപ്പോയി. "ഗദ്യപദ്യമയംകാവ്യം ചമ്പൂരിത്യഭിധീയതേ" എന്ന പ്രാചീനമതത്തിന്നനുസരിച്ചു് അതേ രീതിയിൽ തന്നെ മധുരകോമളമായ പദാവലികൊണ്ടു് ഈ കാവ്യവും കവി നിർമ്മിച്ചിരിക്കുന്നു. പഴയ ചമ്പൂഗ്രന്ഥങ്ങളെ അപേക്ഷിച്ചു് ഇതിനൊരു മേന്മക്കൂടി ഉണ്ടെന്നു് പറയാം. അതായതു് കഥാവസ്തുവിനുള്ള പ്രാധാന്യം. ചമ്പൂകാരന്മാരുടെ പ്രതിപാദ്യവസ്തു രാമായണം നൈഷധം തുടങ്ങിയ പുരാണകഥകളാണല്ലോ. അതുതന്നെ വളരെ നേരിയ രൂപത്തിൽ മാത്രമേ അവരുടെ കൃതികളിൽ നിഴലിക്കുന്നുള്ളൂ. കഥയ്ക്കല്ല, വർണ്ണനത്തിന്നാണു് അവർ പ്രാധാന്യം കല്പിച്ചിരുന്നതു്. വർണ്ണനാപാടവം വെളിപ്പെടുത്തുന്നതിലാണു് അവരുടെ മുഴുവൻ നിഷ്കർഷയും. കഥയുടെ കമനീയതയിലോ വൈചിത്ര്യത്തിലോ ചമ്പൂകാരന്മാർ അല്പംപോലും ശ്രദ്ധിച്ചിരുന്നില്ല. എന്നാൽ ഈ നവീനചമ്പൂകാരൻ രണ്ടിലും ഒരുപോലെ ശ്രദ്ധാലുവാണു്. കേരളത്തിൻെറ സ്മൃതിപഥത്തിൽ നിന്നും ഒരിക്കലും മാഞ്ഞുപോ

കാത്ത ഹൃദയസ്പൃക്കായ ഒരു ചരിത്രസംഭവമാണ് അദ്ദേഹം തന്റെ കാവ്യത്തിനു വിഷയമാക്കിയിരിക്കുന്നത്. കവിയുടെ വർണ്ണനാവൈഭവം പോലെ തന്നെ കഥയുടെ വിചിത്രഗതിയും വായനക്കാരെ ആകർഷിക്കുന്നുണ്ട്. ചരിത്രപ്രസിദ്ധനായ ഹൈദർ ആലിയുടെ കേരളാക്രമണവും കോലത്തുനാടിന്റെ പരാജയവും തദ്ദേശരാജപുത്രിയായ ഒരു വീരവനിത തന്റെ നേരെ ബലാൽക്കാരത്തിന് പുറപ്പെട്ട സേനാനായകനായ കമ്മറുദ്ദീനെ പെട്ടെന്നു വെട്ടി വീഴ്ത്തിയതിനുശേഷം ആത്മഹത്യചെയ്യുന്നതും സന്ന്യാസവേഷധാരിയായി ഇതെല്ലാം ഒളിവിൽ കണ്ടുകൊണ്ട് നിന്ന ഹൈദർ ആ വീരനാരിയുടെ ആത്മബലിയെ അഭിനന്ദിച്ച് അവൾക്കുവേണ്ടി പ്രാർത്ഥിക്കുന്നതും ആണ് ഈ കഥയിലെ പ്രധാനസംഭവങ്ങൾ.

പ്രഗത്ഭനായ കവിയുടെ വാഗ്വിലാസത്താലും വർണ്ണനാചാതുരിയാലും ഓരോ കഥാഘട്ടവും സഹൃദയഹൃദയത്തെ സന്തർപ്പണം ചെയ്യത്തക്കവിധം രസാത്മകമായിട്ടുണ്ട്. പ്രാചീനകാവ്യസമ്പ്രദായമനുസരിച്ച് നായകപ്രശസ്തിയിലും കവി സവിശേഷം ശ്രദ്ധിച്ചിരിക്കുന്നു. നായകനായ ഹൈദർനായിക്കൻ ചരിത്രത്തിൽ നാം അറിയുന്ന ഹൈദർ ആലിയെക്കാൾ സ്വഭാവമഹിമയിൽ ഉൽക്കർഷം പ്രാപിച്ചാണ് പ്രത്യക്ഷപ്പെടുന്നത്. രാജോചിതമായ രണരണികയും

